മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, കോട്ടയം മേലുകാവ് സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരനായ സാജൻ പി. ജോസഫിനെ ബാങ്ക് പ്രസിഡന്റും വൈസ് പ്രസിഡന്റും ചേർന്ന് ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതായി പരാതി കിട്ടി. ഇതിന്റെയടിസ്ഥാനത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ പീഡന നിരോധന നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ക്രൈം 30-ാം നമ്പരായി മേലുകാവ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ബാങ്ക് പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും ബഹുമാനിക്കുന്നില്ലെന്ന കാരണത്താലാണ് പ്യൂണായ സാജൻ പി. ജോസഫിനെ വിളിച്ചുവരുത്തി അപമാനിച്ചതെന്നാണ് പരാതിയിൽ പറഞ്ഞിട്ടുള്ളത്. അതേതുടർന്ന് മാനസികവിഭ്രാന്തിയുണ്ടായതിനാൽ പാലായിലുള്ള മരിയൻ മെഡിക്കൽ സെന്ററിൽ സാജൻ ജോസഫ് ചികിത്സയിലാണ്. കേസന്വേഷണം ഊർജ്ജിതപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(7) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾക്ക് നികുതി

ശ്രീ. സത്യൻ മൊകേരി: സർ, നികുതി വെട്ടിപ്പ് നടത്തിയ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയായി സംസ്ഥാനത്തിനു പുറത്തു നിന്നുകൊണ്ടുവരുന്ന ഇറച്ചിക്കോഴികച്ചവടം മാറിക്കഴിഞ്ഞിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പാണ് ഈ മേഖലയിൽ നടക്കുന്നത്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിരവധി നടപടികൾ വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിതന്നെ താല്പര്യമെടുത്ത് നടപടികൾ സ്വീകരിച്ചതുകൊണ്ട് കൂടുതൽ വരുമാനം ഇപ്പോൾ ഈ മേഖലയിൽ നിന്ന് ലഭിച്ചുവരുന്നുണ്ട്. അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായ പ്രതിസന്ധി നിലനിൽക്കുന്ന ഈ സന്ദർഭത്തിൽ നമുക്ക് ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നതാണ് ഇറച്ചിക്കോഴികൾ സംസ്ഥാനത്തിനു പുറത്തുനിന്നും കൊണ്ടുവരുന്നതിന് നിശ്ചയിച്ചിട്ടുള്ള നികുതി കൃത്യമായി പിരിച്ചെടുക്കാൻ കഴിഞ്ഞാൽ ഇന്നുള്ളതിന്റെ പത്തിരട്ടി നികുതി വരുമാനം വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് സംസ്ഥാനത്തിന്റെ ബോർഡറുകളിലും മറ്റും പ്രത്യേക സംവിധാനമുണ്ടാക്കി നമുക്ക് ലഭിക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ചില ഉദ്യോഗസ്ഥൻമാർ തമിഴ്നാട് ലോബിയുമായി സഹകരിച്ച് അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കുന്നു. പേരുകളൊന്നും ഞാൻ പറയുന്നില്ല. പേരുകൾ എനിക്കറിയാം അതുകൊണ്ട് അത് തടയുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സംസ്ഥാനത്തിന് പുറത്തു നിന്നും കോഴികളെ കൊണ്ടുവന്ന് കേരളത്തിൽ കച്ചവടം ചെയ്യരുതെന്ന നിയമം നിലവിലില്ല. എന്നാൽ ചെക്ക് പോസ്റ്റിലൂടെയും അല്ലാതെയും അനധികൃതമായി കോഴികളെ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് കർശനമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മതിയായ രേഖകളില്ലാതെ കോഴികളെ കടത്തിക്കൊണ്ട് വരുന്നവരിൽ നിന്നും നികുതിത്തുകയുടെ ഇരട്ടിതുകയാണ് സെക്യൂരിറ്റിയായി ഈടാക്കിവരുന്നത്. സമാന്തര റോഡുകൾ വഴിയുള്ള കടത്തുകൾ തടയാൻ നിലവിലുള്ള ചെക്ക് പോസ്റ്റുകൾക്ക് പുറമെ താല്ക്കാലിക ചെക്ക് പോസ്റ്റുകളും സാറ്റലൈറ്റ് ചെക്ക് പോസ്റ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വില്പന നികുതി വകുപ്പിലെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ വകുപ്പ് വ്യാപകമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കാണപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നിയമാനുസൃതമായ അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരികയാണ്. ചില കേസുകൾ ഇപ്പോൾത്തന്നെ വിജിലൻസ് അന്വേഷണത്തിലാണ്. കേരളത്തിലെ കോഴി കൃഷിക്കാരെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞവർഷം ബഡ്ജറ്റിലൂടെ കൊണ്ടുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി എസ്. ആർ.ഒ. 291/2000, 877/2000 എന്നീ നമ്പർ ഉത്തരവുകൾ ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്.

(8) കായംകുളം നിയോജകമണ്ഡലത്തിലെ മരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ : സർ, കായംകുളം മണ്ഡലത്തിലും കേരളത്തിലാകെയും മാതൃകാപരവും പ്രശംസനീയവുമായ മരാമത്ത് പണികൾ നടത്തി ചരിത്രം കുറിച്ച സർക്കാരാണ് അങ്ങയുടേതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ എന്റെ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി ബഡ്ജറ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പണികൾ ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മുട്ടം - കായംകുളം റോഡ്, കായംകുളം - കാർത്തികപ്പള്ളി റോഡ്, കെ. പി. റോഡ് - രണ്ടാം കുറ്റിപ്പാലം, കായംകുളം സർക്കാർ ആശുപത്രിയിൽ നൂറ് കിടക്കകളുള്ള കെട്ടിടം, കരീലകുളങ്ങര ബാക്ക് വാട്ടർ റോഡ്, സി.പി.സി.ആർ. ഐ.യ്ക്ക് സമീപമുള്ള മാമ്പ്രകുന്നേൽ പാലത്തിന്റെ പുനർനിർമ്മാണം, എരുവ പാലത്തിന്റെ അപ്രോച്ച് റോഡ്. ഇതിൽ പലതിനും ബഡ്ജറ്റിൽ ആവശ്യമായ പ്രൊവിഷൻസുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല. ഈ ബഡ്ജറ്റ് വർഷത്തിൽത്തന്നെ ഈ പണികൾ ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly